**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

**പ്രസിഡന്റ്** — **ജനറൽ സെക്രട്ടറി**

**കെ.പി.ധനപാലൻ Ex.MP** — **സിബിക്കുട്ടി ഫ്രാൻസിസ്**

തിരുവനന്തപുരം
08.08.2017

നമ്പർ. 6/2017

**സർക്കുലർ**

സുഹൃത്തേ,

28-06-2017 ബുധനാഴ്ച ശിക്ഷക് സദനിൽ ചേർന്ന സംസ്ഥാന ഭാരവാഹികളുടെയും എം.എസ്.റാവുത്തർ സ്മാരക മന്ദിര കമ്മിറ്റി അംഗങ്ങളുടേയും യോഗത്തിന്റെ മിനിറ്റ്സ് തീരുമാനങ്ങൾ റിപ്പോർട്ട്.

കൃത്യം 11 ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു.

**1.എം.എസ്.റാവുത്തർ സ്മാരക മന്ദിര നിർമ്മാണം**

സ്ഥലത്തിനുചുറ്റും Retaining wall കെട്ടുന്നത് കൂടുതൽ സ്ഥല സൗകര്യം കിട്ടുമെന്നതിനാൽ Retain wall പണിയുവാൻ തീരുമാനിച്ചു. ശിലാസ്ഥാപന ചടങ്ങുമായി ബന്ധപ്പെട്ട ജോലികൾക്ക് സഹായിച്ച എഞ്ചിനീയർ വിജയനെ ജോലി ഏൽപ്പിക്കാൻ തീരുമാനിച്ചു. ഇതിലേക്കായി എസ്റ്റിമേറ്റ് വാങ്ങാനും തീരുമാനിച്ചു. അത് പരിശോധിക്കുന്നതിനായി ശ്രീ.ലിയാമുദ്ദീന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തി. കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ നൂറുദ്ദീൻ, സജീവ്, ദിലീപ്, അസ്ലാം. മറ്റ് സഹായങ്ങൾ നൽകുന്നതിന് സംസ്ഥാന ഭാരവാഹി ഷാജിഖാനെ ചുമലപ്പെടുത്തി. Retain wall കെട്ടിയതിനുശേഷം പ്ലാൻ പരിശോധിച്ച് permit ന് അപേക്ഷിക്കുവാനും Tender വിളിച്ച് ജോലി നൽകാനും തീരുമാനിച്ചു. tender വിളിക്കുന്നതിന്മുമ്പ് building committee ചേരണം.

**2. ആഡിറ്റിംഗ്**

വരവ് ചിലവ് കണക്കുകൾ July 15 തീയതിാം Audit ചെയ്യണമെന്നും 6-ാം തീയതി Auditor ക്ക് നൽകണമെന്നും നിർദ്ദേശിച്ചു. 100, 200, 500, 1000, 2000 രൂപയുടെ കൂപ്പണുകൾ print ചെയ്യുവാനും തീരുമാനിച്ചു. ജൂലായ് മാസം 10 നും 15 നും ഇടയിൽ സ്റ്റേറ്റ് കൗൺസിൽ നടത്താനും അന്നേദിവസം ഉച്ചകഴിഞ്ഞ് സ്വാഗതസംഘം രൂപീകരിക്കാനും തീരുമാനിച്ചു. മാതൃസംഘടനയോട് സഹകരിച്ച് പ്രവർത്തിക്കാൻ തയ്യാറായി വന്നിട്ടുള്ള വിവിധ വിഭാഗങ്ങളെ യോജിപ്പിക്കാനും തീരുമാനിച്ചു. എറണാകുളത്തും ആലപ്പുഴയിലും ഉള്ളവരിൽനിന്നും ഫോട്ടോ പതിച്ച ഫോം വാങ്ങുന്ന തിനും അവരുടെ കൈവശമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുൾപ്പടെയുള്ള കാര്യങ്ങൾ സംസാരിക്കണമെന്നും യോഗം നിർദ്ദേശിച്ചു. INTUC സംസ്ഥാന പ്രസിഡന്റുമായി ചർച്ച ചെയ്യുന്നതിലേയ്ക്കായി 5 സംസ്ഥാന ഭാരവാഹികളെ ചുമതലപ്പെടുത്തി മേൽ ചർച്ചയിൽ അദ്ദേഹം അറിയിച്ചത് INTUC സംസ്ഥാന

കമ്മിറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നവരെക്കൂടി ഉൾപ്പെടുത്തി കൂട്ടായി പ്രവർത്തിക്കണമെന്നും നമ്മുടെ ഭാരവാഹികളെ INTUC സ്റ്റേറ്റ് ബ്രാഞ്ചിന്റെ ജില്ലാ/റീജിയണൽ കമ്മിറ്റികളിൽ ഉൾപ്പെടുത്താമെന്നുമാണ്. മാതൃസംഘടനയുടെ അപ്രമാദിത്വത്തിൽ മാത്രം ലയനം നടത്തിയാൽ മതി. പക്ഷേ ഒറ്റ സംഘടനയാകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. അഫിലിയേഷൻ ഫീസുൾപ്പടെയുള്ള വിഷയങ്ങൾ കേന്ദ്ര നേതൃത്വവുമായി സംസാരിക്കുമെന്നും പ്രസിഡന്റ് അറിയിച്ചു.

നമ്മെ അംഗീകരിച്ച് വരുന്ന മറ്റ് വിഭാഗങ്ങൾക്ക് നൽകുന്ന സംസ്ഥാന മാനങ്ങൾ സ്റ്റേറ്റ് കൗൺസിലിൽ അവതരിപ്പിച്ചതിനുശേഷം തീരുമാനമെടുക്കാമെന്നും നിർദ്ദേശിച്ചു. സ്വാഗതസംഘത്തിലേക്ക് എറണാകുളം ജില്ലയിയിലുള്ള പാർട്ടിതലത്തി ലുള്ള എല്ലാവരെയും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. DCC പ്രസിഡന്റ് ചെയർമാനും കോൺഫെഡറേഷൻ പ്രസിഡന്റ് രക്ഷാധികാരിയായും ജനറൽ സെക്രട്ടറി കൺവീനറായും ട്രഷറർ ട്രഷററായും സ്വാഗത സംഘത്തിന് രൂപം നൽകുവാനും എല്ലാ സംസ്ഥാന ഭാരവാഹികളേയും സ്വാഗതസംഘത്തിൽ ഉൾപ്പെടുത്താനും തീരുമാനിച്ചു. ജനറൽ സെക്രട്ടറി ഉൾപ്പടെയുള്ളവർക്കെതിരെ വന്നിട്ടുള്ള കേസിന്റെ ചിലവ് യൂണിയൻ ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചു.

**റിപ്പോർട്ട്**

1. ഓഡിറ്റ് ചെയ്ത Annual returns ലേബർ കമ്മീഷണർ ഓഫീസിൽ 20.7.2017 ന് നൽകി.
2. സമ്മേളനത്തിന് വേണ്ടുന്ന കൂപ്പണുകൾ പുറത്തിറക്കി, നോട്ടീസ് എല്ലാ ഡിവിഷനിലും എത്തിച്ചു.
3. ജീവനക്കാർക്കെതിരെ ബോർഡ് പുറത്തിറക്കിയ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങി (മുൻ സ്റ്റേറ്റ് കൗൺസിലിന്റെ തീരുമാനം)
4. വാട്ട്സാപ്പ് പോസ്റ്റ് ഇട്ടു എന്ന വ്യാജ പരാതിയുടെ പേരിൽ സസ്പെന്റ് ചെയ്യപ്പെട്ട തിരുവനന്തപുരം ഡിവിഷനിലെ നമ്മുടെ അംഗത്തിന്റെ സസ്പെൻഷൻ കോടതിവഴി സ്റ്റേ ചെയ്യുവാൻ സാധിച്ചു.
5. എം.എസ്.റാവുത്തർ സ്മാരക മന്ദിരത്തിന്റെ retaining wall കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് എഞ്ചിനീയറിൽ നിന്നും വാങ്ങി. Building Committee യുടെ അംഗീകാരത്തിനുശേഷം പണി തുടങ്ങുന്നതാണ്.
6. Posting Strength - Cutoff date അപാകതകൾ ബോർഡിന് കത്ത് നൽകി

**അജണ്ട**

1. സംസ്ഥാന സമ്മേളനം - സ്വാഗത സംഘം - ഫണ്ട് വിവരങ്ങൾ
2. KSEB Ltd ന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ ഭാവി പ്രതിഷേധ പരിപാടികൾ
3. CEA റെഗുലേഷൻ APTEL - അപ്പീൽ സംബന്ധിച്ച്.

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി